ഊർജ്ജപ്രതിസന്ധി നേരിടാൻ സ്വീകരിക്കേണ്ട നയങ്ങളെക്കുറിച്ച് നമ്മുടെ രാഷ്ട്രീയക്കാർക്ക് വേണ്ടത്ര ബോധമില്ലാത്തത് ആണവലോബികൾക്ക് സഹായകമാകുന്നു. രാജ്യത്തിന്റെ ആകെ വൈദ്യുതോത്പാദനത്തിൽ വെറും 3% മാത്രമാണ് ആണവോർജ്ജത്തിന് നൽകാൻ കഴിഞ്ഞിട്ടുള്ളത്. ഇത് പൊതുസമൂഹത്തിന് മുന്നിൽ തുറന്ന് കാണിക്കണം. ആ കണക്കനുസരിച്ച് സമീപഭാവിയിലൊന്നും ആണവോർജ്ജത്തിലൂടെ ഇന്ത്യയിലെ വർദ്ധിച്ചുവരുന്ന ഊർജ്ജാവശ്യങ്ങൾ നേരിടാൻ കഴിയില്ല എന്ന് വ്യക്തമാണ്. ആണവനിലയങ്ങളുടെ സുരക്ഷ എന്നത് പ്രവചനാതീതമാണ്. ഇന്ത്യൻ ആണവോർജ്ജ രംഗത്തെ ആപായ സൂചനകളെക്കുറിച്ച്

**കെ. രാമചന്ദ്രൻ / ഡോ. സുരേന്ദ്ര ഗഡേക്കർ**

# ഫുക്കുഷിമ ജപ്പാനിൽ മാത്രം സംഭവിക്കുന്നതല്ല

**കെ. രാമചന്ദ്രൻ:** *ആണവലോബി ഇന്ത്യയിൽ ഇന്ന് വളരെ ശക്തമാണ്. ആണവവിരുദ്ധ സമരങ്ങളെയെല്ലാം തകർക്കാൻ അവർ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയുടെ ആണവനയങ്ങൾ തീരുമാനിക്കുന്നതും ഈ ലോബികളാണ്. ആണവ ലോബികളെ നമുക്ക് എങ്ങനെയാണ് നേരിടാൻ കഴിയുന്നത്?*

**ഡോ. സുരേന്ദ്ര ഗഡേക്കർ:** ആണവപരീക്ഷണങ്ങൾ ഇന്ത്യയിൽ തുടങ്ങുന്ന കാലത്ത് ജനാധിപത്യപരമായ സംവാദങ്ങൾ ഇവിടെ നടന്നിരുന്നു. ഇന്ന് ആ സ്ഥിതി മാറി. ആണവോർജ്ജത്തെ സംബന്ധിച്ചുള്ള തീരുമാനങ്ങളൊന്നും ജനങ്ങളുടെയോ ജനപ്രതിനിധികളുടെയോ അറിവോടെയല്ല ഇന്ന് എടുക്കുന്നത്. എല്ലാം ആണവലോബികളാണ് തീരുമാനിക്കുന്നത്. അവരുടെ ഇടപെടലുകൾ രഹസ്യാത്മകമാണ്. സർക്കാറിന് വേണ്ടി അവർ തീരുമാനങ്ങളെടുക്കുന്നു. ആണവലോബികളെ നേരിടുക എന്നത് പ്രയാസമുള്ള ഉദ്യമമാണ്. വലിയ അധ്വാനം അതിന് വേണ്ടിവരും. ഊർജ്ജ പ്രതിസന്ധി നേരിടാൻ സ്വീകരിക്കേണ്ട നയങ്ങളെക്കുറിച്ച് നമ്മുടെ രാഷ്ട്രീയക്കാർക്ക് വേണ്ടത്ര ബോധമില്ല. ഈ ബോധമില്ലായ്മയിൽ തന്നെ അവർ തുടരാനുള്ള ശ്രമങ്ങൾ ആണവലോബികൾ നടത്തുന്നുണ്ട്. രാഷ്ട്രീയപാർട്ടികളെ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തുക എന്നതാണ് ലോബികളുടെ ഇടപെടലുകൾ തടയാനുള്ള പ്രധാന മാർഗ്ഗം. പ്രയാസമാണെങ്കിലും അത് സാധ്യമാണെന്ന് തന്നെയാണ് എനിക്ക് തോന്നുന്നത്.

**കെ.ആർ:** *ലോബികൾ മുന്നോട്ട് വയ്ക്കുന്ന വാദങ്ങളെ ആണവവിരുദ്ധ പ്രവർത്തകർക്ക് എങ്ങനെ ഫലപ്രദമായി ചെറുക്കാൻ കഴിയും? പൊതുസമൂഹത്തെ പ്രശ്നങ്ങൾ ബോധ്യപ്പെടുത്താൻ ആണവവിരുദ്ധ പ്രവർത്തകർക്ക് ഫലപ്രദമായി കഴിയുന്നുണ്ടോ?*

**ഗഡേക്കർ:** ലോബികൾ പറയുന്നതെല്ലാം നുണയാണ്. അസത്യത്തെ സത്യം കൊണ്ട് നേരിടാൻ എളുപ്പമാണ്. ആണവവിരുദ്ധ പ്രവർത്തകർ സാമ്പത്തികമായും സാമൂഹികമായും ശക്തരല്ലാത്തതിനാലാണ് അവരുടെ വാദങ്ങൾക്ക് സമൂഹത്തിൽ വേണ്ടത്ര പ്രതിഫലനം സൃഷ്ടിക്കാൻ കഴിയാതെ പോകുന്നത്. ആണവനിലയങ്ങൾക്കെതിരെ ശക്തമായ സമരങ്ങൾ ഇന്ത്യയിൽ നടക്കുന്നു. ആ സമരസ്ഥലങ്ങളിൽ നിന്നും ആണവോർജ്ജത്തിന്റെ പ്രശ്നങ്ങൾ ഉയർന്ന് വന്നാൽ അത് കുറച്ച്കൂടി ഫലപ്രദമാകും. സമരത്തിന്റെ



കെ. രാമചന്ദ്രൻ, ഡോ. സുരേന്ദ്ര ഗഡേക്കർ

ഭാഗമായി അവതരിപ്പിക്കപ്പെടുമ്പോൾ ആ വാദങ്ങൾക്ക് കൂടുതൽ ശക്തി ലഭിക്കും.

**കെ.ആർ:** *വൈദ്യുതോത്പാദനവുമായി ബന്ധപ്പെട്ടാണ് ജനങ്ങൾ ആണവനിലയങ്ങളെ നോക്കിക്കാണുന്നത്. ആണവനിലയങ്ങളുടെ നിർമ്മാണത്തിലൂടെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ കഴിയുമെന്ന് അവർ ആത്മാർത്ഥമായി വിശ്വസിക്കുന്നു. സമൂഹത്തിൽ ആഴത്തിൽ പടർന്ന് പിടിച്ചിരിക്കുന്ന ഈ മിഥ്യാധാരണ എങ്ങനെ തിരുത്താൻ കഴിയും?*

**ഗഡേക്കർ:** ആണവനിലയങ്ങൾ ഇന്ത്യയിൽ ഇതുവരെ ഉത്പാദിപ്പിച്ചിട്ടുള്ള വൈദ്യുതിയുടെ കണക്ക് മാത്രം മതി ആ മിഥ്യാധാരണ തിരുത്താൻ. രാജ്യത്തിന്റെ ആകെ വൈദ്യുതോത്പാദനത്തിൽ വെറും 3% മാത്രമാണ് ആണവോർജ്ജത്തിന് നൽകാൻ കഴിഞ്ഞിട്ടുള്ളത്. ആ കണക്ക് പൊതുസമൂഹത്തിന് മുന്നിൽ തുറന്ന് കാണിക്കണം. ആ കണക്കനുസരിച്ച് സമീപഭാവിയിലൊന്നും ആണവോർജ്ജത്തിലൂടെ ഇന്ത്യയിലെ വർദ്ധിച്ചുവരുന്ന ഊർജ്ജാവശ്യങ്ങൾ നേരിടാൻ കഴിയില്ല എന്ന് വ്യക്തമാണ്.

**കെ.ആർ**: *ആണവശാസ്ത്രജ്ഞന്മാരുടെയും ആണവനിലയങ്ങളിലെ ജീവനക്കാരുടെയും ഇടയിലുള്ള വികാരമെന്താണ്? ദീർഘകാലമായി നുണപറയേണ്ടിവരുന്നതിന്റെ പ്രശ്നങ്ങൾ അവരെ ബാധിക്കുന്നുണ്ടോ? ആണവോർജ്ജവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന 197 പേർ കഴിഞ്ഞ 15 വർഷത്തിനിടയിൽ ആത്മഹത്യ ചെയ്തതായി പഠനറിപ്പോർട്ടുകൾ പുറത്ത് വന്നിട്ടുണ്ടല്ലോ?*

**ഗഡേക്കർ:** അത്തരമൊരു കണക്ക് ഞാനും കേട്ടിട്ടുണ്ട്. പക്ഷെ ആത്മഹത്യയുടെ കാരണമെന്തെന്ന് എനിക്ക് വ്യക്തമായി അറിയില്ല. നിരവധിപേർ ആണവനിലയങ്ങളിലെ ജോലി ഉപേക്ഷിച്ചു പോകുന്നതായി എനിക്കറിയാം. ആണവനിലയങ്ങളിലെ ഏറ്റവും അപകടമുള്ള ജോലികളെല്ലാം ചെയ്യുന്നത് കരാർ ജീവനക്കാരാണ്. ലോകത്തിൽ ഏറ്റവുമധികം ആണവ നിലയങ്ങളുള്ള ഫ്രാൻസിൽ നടന്ന പഠനത്തിൽ റേഡിയേഷന്റെ 80% പ്രശ്നങ്ങളും നേരിടേണ്ടി വരുന്നത് കരാർ തൊഴിലാളികൾക്കാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

**കെ.ആർ:** *ഇന്ത്യൻ നിലയങ്ങളിലെ കരാർ ജോലിക്കാർക്കിടയിൽ ആരോഗ്യപ്രശ്നങ്ങളുള്ളതായി താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഗുജറാത്തിലെ കക്രപാറിൽ നടത്തിയ പഠനങ്ങൾ അത്തരം സൂചനകൾ തരുന്നുണ്ടോ?*

**ഗഡേക്കർ:** കക്രപാർ നിലയം തുടങ്ങുന്ന കാലത്താണ് ഞങ്ങൾ പഠനങ്ങൾ നടത്തിയത്. അതുകൊണ്ട് അത്തരം സൂചനകൾ അവിടെ നിന്നും ലഭ്യമായിട്ടില്ല. പക്ഷെ രാജസ്ഥാനിലെ റാവത്ഭാട്ടയിൽ നടത്തിയ ആരോഗ്യസർവ്വെയിൽ കരാർ ജോലിക്കാർക്കിടയിൽ ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പല തരത്തിലുള്ള രോഗങ്ങൾ ജോലിക്കാർക്കിടയിലും അവരുടെ കുട്ടികളിലും കണ്ടെത്തി. രാജസ്ഥാൻ നിലയത്തിൽ മാത്രമാണ് അത്തരമൊരു സർവ്വെ സാധ്യമായത്. ഇന്ത്യയിലെ എല്ലാ നിലയങ്ങളും

**2ജി സ്പെക്ട്രം അഴിമതിയുടെ ഭാഗമായി നഷ്ടമായ തുകയുടെയത്രയും കൂടംകുളം നിലയം അടച്ചുപൂട്ടിയാൽ നഷ്ടമാകില്ല. ആണവനിലയങ്ങളുടെ പ്രവർത്തനങ്ങളും പ്രശ്നങ്ങളും ജനങ്ങൾക്ക് നേരിൽ കണ്ട് മനസ്സിലാക്കാൻ കഴിയുന്ന ഒരു ദേശീയ മ്യൂസിയമായി ആ നിലയം മാറ്റണം. അത്തരം ഉദാഹരണങ്ങൾ ലോകത്ത് നിരവധിയുണ്ട്. അമേരിക്കയിലെ സോറാം നിലയം 90% ജോലികൾ പൂർത്തിയായ ശേഷം അടച്ചുപൂട്ടിയ നിലയമാണ്. 1994ൽ സമ്പൂർണ്ണമായി ഡികമ്മീഷൻ ചെയ്ത നിലയം ഇപ്പോൾ ഒരു മ്യൂസിയമായാണ് അവർ സംരക്ഷിക്കുന്നത്**

കേന്ദ്രീകരിച്ച് വിശദമായ ഒരു പഠനം കരാർ ജോലിക്കാർക്കുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് നടത്തേണ്ടിയിരിക്കുന്നു.

**കെ.ആർ:** *കരാർ ജോലിക്കാർ സുരക്ഷയ്ക്ക് ഭീഷണിയാകുന്നുണ്ടോ? കർണ്ണാടകയിലെ കൈഗ ആണവനിലയത്തിലെ കുടിവെള്ളത്തിൽ ട്രീഷിയം കലർന്ന് തൊഴിലാളികൾക്ക് വികിരണമേൽക്കേണ്ടി വന്ന സംഭവവും ബോംബെ റെയിൽവേ സ്റ്റേഷനിൽ യുറേനിയം കണ്ടെത്തിയ സംഭവവുമെല്ലാം സുരക്ഷാഭീഷണി ഉയർത്തുന്നുണ്ടല്ലോ?*

**ഗഡേക്കർ:** യുറേനിയം കണ്ടെത്തിയത് അത്ര വലിയ പ്രശ്നമുള്ള കാര്യമല്ല. യുറേനിയം ഭൂമിയിൽ നിങ്ങൾക്ക് ലഭ്യമായ സാധനമാണ്. യുറേനിയത്തിന് മാത്രമായി അപകടമുണ്ടാക്കാൻ കഴിയില്ല. അതിനെക്കുറിച്ച് അറിയാത്ത മാധ്യമപ്രവർത്തകർ അത് വലിയ വാർത്തയാക്കി മാറ്റുകയായിരുന്നു. എന്നാൽ കൈഗ നിലയത്തിലെ വാട്ടർ കൂളറിൽ ട്രീഷിയം കലർന്നതും അതുവഴി തൊഴിലാളികൾക്ക് വികിരണമേറ്റതും ഗുരുതരമായ കാര്യമാണ്. ട്രീഷിയം അപകടകരമായ വസ്തുവാണ്. അത് ഇത്ര ലാഘ

വത്തോടെ ഒരു ആണവനിലയത്തിൽ കൈകാര്യം ചെയ്യപ്പെടുന്നു എന്നത് സുരക്ഷാ ഭീഷണി ഉയർത്തുന്നുണ്ട്. കൈഗയിൽ എന്താണ് സംഭവിച്ചതെന്നോ, എത്രപേർക്ക് വികിരണമേറ്റെന്നോ ഉള്ള വിവരങ്ങൾ ഇനിയും പുറത്തുവിട്ടിട്ടില്ല.

1993ൽ ഉത്തരപ്രദേശിലെ നറോറ നിലയത്തിലെ ടർബൈൻ മുറിയിലുണ്ടായ അഗ്നിബാധയും ഗുരുതരമായ അപകടമായിരുന്നു. അഗ്നിബാധയെത്തുടർന്ന് നിലയത്തിനുള്ളിലെ വൈദ്യുതിവിതരണ സംവിധാനം താറുമാറായി. ജീവൻ പണം വച്ച് തീയണയ്ക്കാൻ ഉദ്യോഗസ്ഥർ തയ്യാറായതുകൊണ്ട് മാത്രമാണ് വലിയ അപകടം ഒഴിവായത്. എന്നിട്ടും അപകടങ്ങൾ ചെർണോബിലിലും ഫുക്കുഷിമയിലും മാത്രം നടക്കുന്ന എന്തോ ഒന്നാണെന്ന ഭാവമാണ് നമ്മുടെ ആണവശാസ്ത്രജ്ഞന്മാർക്ക് ഇപ്പോഴുമുള്ളത്.

**കെ.ആർ:** *1988ൽ കൂടംകുളം നിലയത്തിന്റെ പണിതുടങ്ങുന്ന സമയത്ത് ആ പ്രദേശത്ത് സുനാമിക്കോ ഭൂകമ്പത്തിനോ സാധ്യതയില്ലെന്ന് ശാസ്ത്രലോകം 'തെളിവു'കളുടെ അടിസ്ഥാനത്തിൽ പറഞ്ഞിരുന്നു. വർഷങ്ങൾക്ക് ശേഷം ആ പ്രദേശത്ത് സുനാമിയുണ്ടായി. ഇത്തരം അനുമാനങ്ങൾ തന്നെയല്ലേ അവർ ഇപ്പോഴും പറയുന്നത്?*

**ഗഡേക്കർ:** 1986ൽ റിയാക്ടർ സേഫ്റ്റി ഗ്രൂപ്പ് ഇന്ത്യയിൽ സുനാമിക്ക് സാധ്യതയില്ലെന്നും ആണവനിലയങ്ങൾക്ക് സുനാമി ഭീഷണിയില്ലെന്നും പറഞ്ഞിരുന്നു. 2004ൽ ഇന്ത്യൻ തീരങ്ങളിൽ ആഞ്ഞടിച്ച സുനാമി കൽപ്പാക്കം നിലയത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതുവരെ അവർ അങ്ങനെ വിശ്വസിക്കുകയും ചെയ്തിരുന്നു.

കക്രപാറിലുണ്ടായ വെള്ളപ്പൊക്കവും അതുപോലെയാണ്. 50 വർഷത്തെ മഴയുടെയും വെള്ളപ്പൊക്കത്തിന്റെയും അളവ് പരിശോധിച്ച ശേഷമാണ് റിയാക്ടറുകൾ അതിലും ഉയരത്തിൽ സ്ഥാപിച്ചിരിക്കുന്നതെന്ന് തുടക്കത്തിൽ ഉദ്യോഗസ്ഥർ പറഞ്ഞു. 1994ലെ മഴയിൽ നിലയത്തിനുള്ളിൽ വെള്ളം കയറുകയും റിയാക്ടറിന്റെ പ്രവർത്തനം തടസപ്പെടുകയും ചെയ്തു. സുരക്ഷ എന്നത് പ്രവചനാതീതമാണെന്നാണ് ഈ സംഭവങ്ങളെല്ലാം പറയുന്നത്.

**കെ.ആർ:** *പണികൾ ഏറെക്കുറെ പൂർത്തിയായ കൂടംകുളം നിലയം അടച്ചുപൂട്ടിയാൽ കോടികൾ നഷ്ടമാകുമെന്നും എന്തിനാണ് അത്രയും നഷ്ടം വരുത്തിവച്ചുകൊണ്ട് നിലയം അടച്ചുപൂട്ടണമെന്നും പലരും ചോദിക്കുന്നുണ്ട്. എന്ത് മറുപടിയാണ് അതിന് പറയാനുള്ളത്?*

**ഗഡേക്കർ:** 2ജി സ്പെക്ട്രം അഴിമതിയുടെ ഭാഗമായി നഷ്ടമായ തുകയുടെയത്രയും കൂടംകുളം



നിർദ്ദിഷ്ട കൗവാട ആണവനിലയത്തിനെതിരെ ആന്ധ്രപ്രദേശിലെ ശ്രീകാകുളം ജില്ലയിലെ ഗ്രാമങ്ങളിലൂടെ നടന്ന സൈക്കിൾ റാലിയിൽ പങ്കെടുക്കുന്ന സുരേന്ദ്ര ഗഡേക്കർ

**1993ൽ ഉത്തരപ്രദേശിലെ നറോറ നിലയത്തിലെ ടർബൈൻ മുറിയിലുണ്ടായ അഗ്നിബാധയും ഗുരുതരമായ അപകടമായിരുന്നു. അഗ്നിബാധയെത്തുടർന്ന് നിലയത്തിലെ വൈദ്യുതിവിതരണ സംവിധാനം താറുമാറായി. ജീവൻ പണയം വച്ച് തീയണയ്ക്കാൻ ഉദ്യോഗസ്ഥർ തയ്യാറായതുകൊണ്ട് മാത്രമാണ് വലിയ അപകടം ഒഴിവായത്. എന്നിട്ടും അപകടങ്ങൾ ചെർണോബിലിലും ഫുക്കുഷിമയിലും മാത്രം നടക്കുന്ന എന്തോ ഒന്നാണെന്ന ഭാവമാണ് നമ്മുടെ ആണവശാസ്ത്രജ്ഞന്മാർക്കുള്ളത്**

നിലയം അടച്ചുപൂട്ടിയാൽ നഷ്ടമാകില്ല. ആണവനിലയങ്ങളുടെ പ്രവർത്തനങ്ങളും പ്രശ്നങ്ങളും ജനങ്ങൾക്ക് നേരിൽ കണ്ട് മനസ്സിലാക്കാൻ കഴിയുന്ന ഒരു ദേശീയ മ്യൂസിയമായി ആ നിലയം മാറ്റണം. അത്തരം ഉദാഹരണങ്ങൾ ലോകത്ത് നിരവധിയുണ്ട്. അമേരിക്കയിലെ സോറാം നിലയം 90% ജോലികൾ പൂർത്തിയായ ശേഷം അടച്ചുപൂട്ടിയ നിലയമാണ്. ത്രീമൈൽ ഐലന്റ്, ചെർണോബിൽ ദുരന്തങ്ങളെത്തുടർന്ന് ആണവവിരുദ്ധ വികാരം അമേരിക്കയിൽ ശക്തമായതോടെയാണ് ആ നിലയം അടച്ചുപൂട്ടാൻ സർക്കാർ തീരുമാനിച്ചത്. 1994ൽ സമ്പൂർണ്ണമായി ഡികമ്മീഷൻ ചെയ്ത നിലയം ഇപ്പോൾ ഒരു മ്യൂസിയമായാണ് അവർ സംരക്ഷിക്കുന്നത്. ആസ്ട്രിയയിലും ഫിലിപ്പൈൻസിലുമെല്ലാം പകുതിയിൽ പണി നിർത്തിയ നിലയങ്ങളുണ്ട്. കൂടംകുളം അടച്ചുപൂട്ടിയാൽ അത് ആദ്യസംഭവമല്ല. കൂടംകുളം നിലയം അടച്ചുപൂട്ടി, മ്യൂസിയമാക്കി ജനങ്ങൾക്ക് തുറന്നുകൊടുക്കണം. ഒപ്പം ആണവനിലയത്തിന്റെ പ്രശ്നങ്ങൾക്ക് ജനങ്ങൾക്ക് നേരിൽകണ്ട് മനസ്സിലാക്കാൻ സാധിച്ചതിന്റെ ആദരസൂചകമായി മൻമോഹൻസിംഗിന്റെ ഫോട്ടോകൂടി അവിടെ തൂക്കാം.

### കൂടംകുളം ഐക്യദാർഢ്യ ഉപവാസം

തമിഴ്നാട്ടിലെ കൂടംകുളത്ത് ആണവനിലയത്തിനെതിരെ നടക്കുന്ന ജനകീയ സമരത്തിന് പിന്തുണ പ്രഖ്യാപിച്ച് കൂടംകുളം ആണവവിരുദ്ധ ഐക്യദാർഢ്യസമിതി **തിരുവനന്തപുരം സെക്രട്ടേറിയറ്റിന് മുന്നിൽ ഒക്ടോബർ 25ന്** ഏകദിന ഉപവാസം സംഘടിപ്പിക്കുന്നു. ബന്ധങ്ങൾക്ക്: 8547698740